# ശ്ലീഹാകാലം

## വചന വിചിന്തനം

### ശ്ലീഹാകാലം : രണ്ടാം ഞായർ

### ലൂക്കാ 7,36–49

> *"ക്രിസ്തു പാപിനിയെ കേൾക്കാൻ കൊതിച്ചിരുന്നു! അതുകൊണ്ടുതന്നെ, ക്രിസ്തുവിന്റെ സാമിപ്യം പാപിനിക്ക് ഏറ്റുപറച്ചിലിന്റെയും അനുതാപത്തിന്റെയും അവസരമായിരുന്നു. എന്നാൽ, പൊങ്ങച്ചക്കാരനായ ശിമയോന് ഈശോയുടെ സാമിപ്യം അന്തസ്സിന്റെയും ആഭിജാത്യത്തിന്റെയും ആഘോഷത്തിന്റെയും വിഷയവുമാകുന്നു!"*

ശിമയോൻ അഹംങ്കാരത്തിന്റെയും പാപിനിയായ സ്ത്രീ എളിമയുടെയും പ്രതീകമാണ്. "ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു... എളിയവരെ ഉയർത്തി..." ലൂക്കാ 1,52.

വചനഭാഗത്തിൽ ക്രിസ്തു ഒരു യജമാനന്റെയും അദ്ദേഹത്തിന്റെ കൈയ്യിൽനിന്ന് രൂപ കടം വാങ്ങിയ രണ്ട് വ്യക്തികളുടെയും ഉപമ പങ്കുവയ്ക്കുന്നു. ഒരു യജമാനനു രണ്ടു കടക്കാർ ഉണ്ടായിരുന്നു. ഒരുവൻ അഞ്ഞൂറും മറ്റവൻ അമ്പതും ദനാറ കടപ്പെട്ടിരുന്നു. വീട്ടാൻ കഴിവില്ലാത്തതുകൊണ്ട് ഇരുവർക്കും അവൻ ഇളച്ചു കൊടുത്തു. തുടർന്ന്, തന്നെ കേൾക്കുന്ന, കണക്കുകൾവച്ച് അമ്മാനമാടുന്ന ചുങ്കക്കാരനായ ശിമയോനോട് ക്രിസ്തു ചോദിക്കുന്നു;

"ആ രണ്ടുപേരിൽ ആരാണ് അവനെ കൂടുതൽ സ്നേഹിക്കുക?"

കണക്കിന്റെയും പലിശയുടെയും വള്ളി പുള്ളിതെറ്റാതെ ഹൃദ്യസ്ഥമാക്കിയിട്ടുള്ള ശിമയോൻ മറുപടി പറഞ്ഞു:

"ആർക്ക് അവൻ കൂടുതൽ ഇളവുചെയ്തോ അവൻ എന്നു ഞാൻ വിചാരിക്കുന്നു."

അവന്റെ മറുപടിയിൽ സന്തുഷ്ടനായ ക്രിസ്തു അവനോട് തിരിച്ച് പറഞ്ഞു:

"നീ ശരിയായിത്തന്നെ വിധിച്ചു."

ഇത്രയും പറഞ്ഞിട്ട് ഒരു വെൺകൽഭരണി നിറയെ സുഗന്ധതൈലവുമായി ശിമയോന്റെ ഭവനത്തിൽ വന്ന് ക്രിസ്തുവിൻെറ പിന്നിൽ പാദത്തിനരികെ കരഞ്ഞുകൊണ്ടുനിൽക്കുകയും കണ്ണീരുകൊണ്ട് അവൻെറ പാദങ്ങൾ കഴുകുകയും തലമുടികൊണ്ടു തുടയ്ക്കുകയും ചുംബിക്കുകയും സുഗന്ധതൈലം പൂശുകയും ചെയ്ത പാപിനിയായ സ്ത്രീയെ ചൂണ്ടി കാണിച്ചപ്പോഴാണ് ചുങ്കക്കാരനായ ശിമയോന് കാര്യം മനസ്സിലായത്; താൻ പെട്ടുപോയെന്ന്!

അനന്തരം യേശു ആ സ്ത്രീയുടെനേരേ തിരിഞ്ഞ് ശിമയോനോടു പറഞ്ഞു:

"അതിനാൽ, ഞാൻ നിന്നോടു പറയുന്നു, ഇവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, ഇവൾ അധികം സ്നേഹിച്ചു. ആരോട് അൽപം ക്ഷമിക്കപ്പെടുന്നുവോ അവൻ അൽപം സ്നേഹിക്കുന്നു" (ലൂക്കാ 7,47).

സ്നേഹം പാപത്തെ കഴുകികളയുന്നതിനുള്ള ഏറ്റവും നല്ല മരുന്നാണ്. അറിവുകേടുകൊണ്ട് ചെയ്യുന്ന പാപങ്ങൾ ക്രിസ്തുവിനോട് ആഴത്തി

ലുള്ള അനുതാപത്താൽ ഏറ്റുപറയുകയും അവനെ അധികമായി സ്നേഹിക്കുകയും ചെയ്താൽ ഉറപ്പാണ് നാം ചെയ്ത പാപങ്ങൾ രക്തവർണ്ണം പ്പോലെ കടുംചുവപ്പാണെങ്കിലും തൂമഞ്ഞുപ്പോലെ അവൻ വെൺമയുള ളതാക്കി മാറ്റും. കാരണം, വചനഭാഗം നൽകുന്ന വലിയ ഉറപ്പ്;

"ഞാൻ നിന്നോടു പറയുന്നു, ഇവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, ഇവൾ അധികം സ്നേഹിച്ചു. ആരോട് അൽപം ക്ഷമിക്കപ്പെടുന്നുവോ അവൻ അൽപം സ്നേഹിക്കുന്നു. അവൻ അവളോടു പറഞ്ഞു: നിൻെറ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു" (ലൂക്കാ 7,47-48).

ഈ ബോദ്ധ്യം തലയ്ക്ക് മത്തുപിടിക്കുന്നതുപ്പോലെ അനുഭവവേദ്യമായതുകൊണ്ടാണ് 'പാപികളിൽ ഒന്നാമനാണ് ഞാൻ' എന്ന് വിളിച്ച് പറഞ്ഞ വി.പൗലോശ്ലീഹ കുറിച്ച് വയ്ക്കുന്നത്; "സ്നേഹം സകലതും സഹിക്കുന്നു; സകലതും വിശ്വസിക്കുന്നു; സകലതും പ്രത്യാശിക്കുന്നു; സകലത്തെയും അതിജീവിക്കുന്നു" (റോമ 13,7). എങ്കിൽ, ഒന്നുറപ്പാണ് കടുംചുവപ്പായ എന്റെ അകൃത്യങ്ങളിൽനിന്ന് എനിക്ക് മോചനം ലഭിക്കാൻ ഞാൻ ചെയ്യേണ്ടത് ഇത്രമാത്രം; "ദൈവത്തെ അധികം സ്നേഹിക്കുക!" കാരണം, ആരെ അൽപ്പം സ്നേഹിക്കുന്നുവോ അവൻ അൽപ്പം മാത്രം ക്ഷമിക്കുന്നു. ആരെ അധികം സ്നേഹിക്കുന്നുവോ അവൻ അധികം ക്ഷമിക്കുന്നു.

**നിറഞ്ഞ മനസ്സോടെ പാപിനിയായ സ്ത്രീ കർത്താവിന്റെ സന്നിധിയിൽ നിന്ന് ഇറങ്ങിപോകുമ്പോൾ കൈയിലെ കാശുകൊടുത്ത് ശിമയോൻ കടിക്കുന്ന പട്ടിയെ വാങ്ങുകയാണ്!**

രണ്ട് ലോകങ്ങളുണ്ട്; ഒന്ന്, കേൾക്കുന്നവരുടെ ലോകം. രണ്ട്, പറയുന്നവരുടെ ലോകം. ഇന്ന് പലപ്പോഴും നാം പറയുന്നവരുടെ ലോകത്താണ്. കേൾക്കുന്നവരുടെ ലോകത്താകാൻ നാം മറന്ന് പോകുന്നു. പ്രാർത്ഥിക്കാൻ ദൈവസന്നിധിയിൽ എത്തിയാലും തുടക്കം മുതൽ ഒടുക്കം വരെ നാം ദൈവത്തോട് പറഞ്ഞുകൊണ്ടിരിക്കുകയാണ്. ദൈവം എന്നോട് പറയുന്നത് കേൾക്കുവൻ നാം തെല്ലുസമയംപ്പോലും കൊടുക്കുന്നില്ല. പറഞ്ഞിട്ടും പറഞ്ഞിട്ടും നമ്മുക്ക് വിശേഷങ്ങൾ തീരുന്നില്ല. ഇവിടെയാണ് ക്രിസ്തു വലിയ മാതൃക കാണിച്ച് തരുന്നത്. പറയുന്നവരുടെ ലോകത്തു നിന്ന് കേൾക്കുന്നവരുടെ ലോകത്തിലേയ്ക്ക് വളരണമെന്നുള്ള വലിയ മാതൃക. ക്രിസ്തു കേൾക്കുന്നവരുടെ ലോകത്തിൽ ജീവിച്ചപ്പോൾ വലിയ അൽഭുതമാണ് അരങ്ങേറിയത്. പാപിനിയായ സ്ത്രീയുടെ അകൃത്യങ്ങൾ കടും ചുവപ്പായിട്ടുപ്പോലും തൂമഞ്ഞുപ്പോലെ അതിനെ വെൺമയുള്ളതാക്കി മാറ്റി. കേൾക്കുന്നവരുടെ ലോകത്തിലേയ്ക്ക് വളരുക. കാരണം, അപകടം എനിക്ക് മുമ്പിലും പതിയിരിക്കുന്നുണ്ട്.

ഒരു എലി ഒരു കർഷകന്റെ വീട്ടിലെ മാളത്തിൽ സുഖമായി താമസിക്കുകയായിരുന്നു. കർഷകൻ കൊവരുന്ന ധാന്യം കുറേശ്ശ തിന്നു അല്ലലും അലട്ടുമില്ലാതെ ജീവിക്കുകയായിരുന്നു. ഒരു ദിവസം കർഷകനും ഭാര്യയും ചന്തയിൽ പോയി വന്നതിനു ശേഷം ഒരു സഞ്ചിയിൽ നിന്നും എന്തോ എടുക്കന്നത് എലി കണ്ടു. തിന്നാനുള്ള വല്ലതും ആയിരിക്കും എന്ന് കരുതി കർഷകനും ഭാര്യയും ഇല്ലാത്തപ്പോൾ സംഗതി അന്വേഷിച്ചതിൽ അതൊരു എലിപ്പെട്ടി (mouset rap) ആണെന്ന് എലിക്ക് മനസ്സിലായി. പേടിച്ച മൂഷികൻ ഈ വിവരം ആ വീട്ടിൽ താമസിച്ചിരുന്ന മാടപ്രാവിനോട് പറഞ്ഞു. പ്രാവ് പറഞ്ഞു,

"എലിപ്പെട്ടിയും ഞാനും തമ്മിൽ എന്ത് ബന്ധം? നീ പേടിച്ചോ, ഞാനെന്തിന് പേടിക്കണം?"

പ്രാവിന് കൂസലൊന്നും ഇല്ലെന്നറിഞ്ഞ എലി വീട്ടിലെ കോഴിയോട് വിവരം പറഞ്ഞു. കോഴിയും എലിയെ കളിയാക്കി;

"ഞാൻ എന്തിനു പേടിക്കണം?"

അടുത്തായി എലി ആടിന്റെ അടുത്തെത്തി വിവരം പറഞ്ഞു;

"നിനക്ക് ഇത്രയും ബുദ്ധിയില്ലേ? എന്റെ വലിപ്പവും എലിപ്പെട്ടിയുടെ വലിപ്പവും നോക്കൂ. വേറെ പണിയൊന്നുമില്ല?"

രാത്രി ഉറങ്ങുന്നതിനുമുന്പ് കർഷകൻ എലിപ്പെട്ടിയിൽ ഭക്ഷണം വെച്ച് കെണിയൊരുക്കി. രാത്രി വളരെ വൈകിയപ്പോൾ എലിപ്പെട്ടിയിലെ ഭക്ഷണം കഴിക്കാൻ ഒരു പാമ്പ് വന്നു. പെട്ടിക്കകത്തു കയറിയ പാമ്പ് ഭക്ഷണം തൊട്ടപ്പോൾ പെട്ടി ഒരു ശബ്ദത്തോടെ അടഞ്ഞു. ശബ്ദം കേട്ട കർഷകന്റെ ഭാര്യക്ക് ഉറക്കത്തിൽ തപ്പിയപ്പോൾ പാമ്പിന്റെ വാലാണ് കൈയിൽ കിട്ടിയത്. എലിയാണെന്നു വിചാരിച്ചു അത് പിടിച്ചപ്പോൾ പാമ്പ് അവരെ കടിച്ചു. നിലവിളി കേട്ട് കർഷകൻ ഉണർന്നു. വിളക്ക് കത്തിച്ചു നോക്കിയപ്പോൾ ഒരു പാമ്പ് ഇഴഞ്ഞു പോകുന്നതും കണ്ടു. കർഷകൻ ഉടനെത്തന്നെ പോയി വൈദ്യരെ വിളിച്ചു കൊണ്ടുവന്നു. വൈദ്യർ കർഷകന്റെ ഭാര്യയെ പരിശോധിച്ചതിനു ശേഷം പറഞ്ഞു;

"മാടപ്രാവിന്റെ സൂപ്പ് കൊടുത്താൽ വിഷമിറങ്ങും."

കർഷകൻ മാടപ്രാവിനെ പിടിച്ചു സൂപ്പ് വെച്ച് ഭാര്യക്ക് കൊടുത്തു. വിവരം അറിഞ്ഞെത്തിയ ബന്ധുക്കൾക്ക് ഭക്ഷണം കൊടുക്കാൻ കോഴിയെ കൊന്നു. കോഴിയിറച്ചിയും ചോറും കഴിച്ചു ബന്ധുക്കൾ യാത്രയായി. പക്ഷെ ഭാര്യയുടെ വിഷം ഇറങ്ങിയില്ല; അടുത്ത ദിവസം അവർ മരിച്ചു പോയി. പതിനാറടിയന്തിരത്തിനു വന്ന ബന്ധുക്കൾക്കും നാട്ടുകാർക്കും ഭക്ഷണത്തിനായി ആടിനെയും വെട്ടി. ഇതൊക്കെ മാളത്തിൽ നിന്നും ഒളിഞ്ഞിരുന്നു കണ്ട എലി ഓടി രക്ഷപ്പെട്ടു.

ആരെങ്കിലും വന്നു നമ്മളോട് അവരുടെ വിഷമതകളും സങ്കടങ്ങളും പറയുമ്പോൾ സൂക്ഷിച്ചു കേൾക്കുക. ഇതും ഞാനും തമ്മിൽ എന്ത് ബന്ധം എന്ന് ചിന്തിക്കരുത്. നമ്മളെല്ലാം അപകടത്തിലാണ്. കേൾവി അതിനാൽ തന്നെ സൗഖ്യം സമ്മാനിക്കുന്ന അമൃതാണ്. ക്രിസ്തുവിന്റെ അടുത്ത് പ്രത്യക്ഷത്തിൽ പാപിനിയായ സ്ത്രീ ഒന്നും സംസാരിക്കുന്നില്ല. പക്ഷെ, ഒരു വെൺകൽഭരണി നിറയെ സുഗന്ധതൈലവുമായി ശിമയോന്റെ ഭവനത്തിൽ വന്ന് ക്രിസ്തുവിൻെറ പിന്നിൽ പാദത്തിനരികെ കരഞ്ഞുകൊണ്ടു നിൽക്കുകയും കണ്ണീരുകൊണ്ട് അവൻെറ പാദങ്ങൾ കഴുകുകയും തലമുടികൊണ്ടു തുടയ്ക്കുകയും ചുംബിക്കുകയും സുഗന്ധതൈലം പൂശുകയും ചെയ്തപ്പോഴെല്ലാം നിശബ്ദമായി പാപിനിയായ സ്ത്രീ കർത്താവിനോട് സംസാരിക്കുകയായിരുന്നു... പാപമോചനം തേടുകയായിരുന്നു.... അത് അവൾക്ക് അനുഗ്രഹമായി ഭവിച്ചു!

**കർത്താവിന്റെ സാമിപ്യം പാപിനിയിൽ വലിയ മാറ്റം വരുത്തുന്നു. പാപിനിയായ് വന്നവൾ വിശുദ്ധയായ് തിരിച്ച് പോകുന്നു!**

ശ്ലീഹാക്കാലം / രണ്ടാം ഞായർ / ലൂക്കാ 7,36–49

" യേശുക്രിസ്തു എന്നെ സ്വന്തമാക്കിയിരിക്കുന്നു!"
ഫിലി 3,12

**ഫാ. ജോബി മേനോത്ത്**
**+91 944 7777 931**